## ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

### CLASS 9 (ANNUALEXAM 2024)

**1) തന്നിരിക്കുന്നവയിൽ യേശുവിന്റെ ജനനത്തെക്കുറിച്ചു പരാമർശിക്കുന്ന വേദഭാഗം തെരഞ്ഞെടുക്കുക**

**A) യെശയ്യാവ് 9 : 6**

B) യെശയ്യാവ് 6 : 6

C) യിരെമ്യാവ് 10:11

D) യിരെമ്യാവ് 9:6

**2) യെശയ്യാ പ്രവാചകന്റെ പുസ്തകത്തെ സംബന്ധിച്ചു ശരിയല്ലാത്ത പ്രസ്താവന ഏത്**

**A) മക്കാബിയ കാലഘട്ടത്തെക്കുറിച്ചു പരാമർശിക്കുന്നു**

B) യിസ്രായേൽ ജനം പ്രവാസത്തിൽ കഴിഞ്ഞ കാലം ഉൾപ്പെടുന്നു

C) ഉസ്സീയാവ് രാജാവിന്റെ കാലഘട്ടം ഉൾപ്പെടുന്നു

D) മാതാപിതാക്കളോടുള്ള വിശ്വസ്ത വിധേയത്വം എന്നത് യെശയ്യാ പ്രവാചകന്റെ പ്രധാന സന്ദേശമാണ്

**3) ദൈവം ശക്തിപ്പെടുത്തുന്നു എന്നർത്ഥം വരുന്ന പേരുള്ള പ്രവാചകൻ**

**A) യെഹസ്കിയേൽ**

B) ദാനിയേൽ

C) യെശയ്യാവ്

D) യിരെമ്യാവ്

**4) തന്നിരിക്കുന്ന പ്രവാചന്മാരുടെ പേരിനോടൊപ്പം അവരുടെ പ്രത്യേകതകളും പരാമർശിക്കുന്ന ശരിയായ ഗ്രൂപ്പ് തെരഞ്ഞെടുക്കുക**

**(a ) ആമോസ് (b ) ഹോശേയ (c) മീഖാ**

**(i ) യെഹോവയുടെ അതുല്യത അറിയിച്ചു**

**(ii) ദൈവസ്നേഹം പ്രവർത്തിയിലാക്കി**

**(iii) നീതിപ്രഘോഷകൻ**

**(iv) ദൈവം ഉയർത്തിയ പ്രവാചകൻ**

**A) (a) -(iii), (b) -(ii), (c)-(i)**

B) (a) -(i), (b) -(ii), (c)-(iv)

C) (a)-(iv), (b)-(iii), (c)- (i)

D) (a)-(iv), (b)-(i), (c)-(ii)

**5) യിസ്രായേൽ ജനതയ്ക്ക് പ്രവാസത്തിൽ നിന്നും മടങ്ങിപ്പോകുവാൻ അനുവാദം നൽകിയ രാജാവ്**

**A) കോരശ്**

B) ദാര്യാവേശ്

C) നെബൂഖദ്നേസർ

D) ഉത്തരങ്ങൾ ഒന്നും ശരിയല്ല

**6) പ്രവാസകാലത്തു യെഹോവയുടെ ഗീതം പാടുവാൻ കഴിയാതെ വന്നത് പ്രതിപാദിക്കുന്ന സങ്കീർത്തനം**

**A) 137**

B) 147

C) 119

D) 101

**7) ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കുന്നവരെക്കുറിച്ചു യിസ്രായേൽ**

**ജനത്തിന് ഉണ്ടായിരുന്ന സങ്കല്പ്പം എന്തായിരുന്നു ?**
**A) അവർ ദൈവത്തിന്റെ പുത്രന്മാരാണ് എന്ന്**
B) അവർ ജനാധിപത്യ രീതിയിൽ ഭരണം നടത്തും എന്ന്
C) അവർ ദൈവകല്പനകളെ ജനത്തോട് അറിയിക്കും എന്ന്
D) തന്നിരിക്കുന്ന ഉത്തരങ്ങൾ ഒന്നും ശരിയല്ല

**8) യവനസംസ്കാരം യിസ്രയേലിൽ ചെലുത്തിയ സ്വാധീനത്തിൽ ഉൾപ്പെടാത്തത് ?**
**A) സിനഗോഗ് ആരാധനാ ആരംഭിച്ചു**
B) ന്യായപ്രമാണം സ്ഥിരമായി വായിക്കുന്നത് രീതിക്ക് ഭംഗം ഉണ്ടായി
C) കലാ- കായിക താൽപര്യങ്ങൾക്കു മാറ്റമുണ്ടായി
D) മറ്റു മതങ്ങളോടുള്ള സഹിഷ്ണത കുറഞ്ഞു

**9) ഗ്രീക്ക് ഭാഷയിൽ ആദ്യമായുണ്ടായ വേദപുസ്തകം**
**A) സെപ്റ്റുവ ജിൻറ്**
B) പേശീത്ത
C) തോറ
D) പുതിയ നിയമം

**10) പൗലോസ് ശ്ലീഹായുടെ മിഷൻ യാത്രകളിൽ, ദേവന്മാർ എന്ന് കരുതി പൂജിക്കുവാൻ ശ്രമിച്ച സ്ഥലം**
**A) ലുസ്ത്ര**
B) ഇക്കോന്യ
C) ദർബാ
D) അന്ത്യോക്യ

**11) 'സുവിശേഷത്തെ ക്കുറിച്ചു എനിക്ക് ലജ്ജയില്ല' എന്ന് പൗലോസ് ശ്ലീഹ പ്രസ്താവിക്കുന്ന ലേഖനം**
**A) റോമർ**
B) കൊരിന്ത്യർ
C) ഗലാത്യർ
D) എഫേ സ്യർ

**12) യെഹൂദാ മതത്തെ നിന്ദിച്ച അന്ത്യോക്കസിനെ എതിർത്ത വിഭാഗം**
**A) മക്കാബിയർ**
B) മിസ്രയീമ്യർ
C) ഫെലിസ്ത്യർ
D) അസ്സീറിയക്കാർ

**13) പരീശർ, സദൂക്യർ തുടങ്ങിയ തീവ്ര യെഹൂദാ സമൂഹങ്ങൾ ഉടലെടുത്ത കാലഘട്ടം**
**A) മക്കാബിയ കാലം**
B) പ്രവാസകാലം
C) ബാബിലോണിയ സംസ്കാര കാലം
D) എല്ലാം ശരിയാണ്

**14) ശൗലിന് അപ്പോസ്തോല പദവി ലഭിക്കാൻ ഇടയായ കാര്യം ?**
**A) യേശുക്രിസ്തുവിൽ നിന്ന് നേരിട്ട് നിയോഗം പ്രാപിച്ചു**
B) യേശു തന്നെയാണ് മ്ശിഹാ എന്ന് വിശ്വസിച്ചു
C) യെഹൂദന്മാർ മാത്രമാണ് ദൈവജനം എന്ന ധാരണ മാറി
D) യേശു രക്ഷകൻ എന്ന് വിശ്വസിച്ചു

**15) പൗലോസ് ശ്ലീഹായുടെ രണ്ടാം മിഷനറി യാത്രയുമായി ബന്ധപ്പെടാത്ത**

**പ്രസ്താവന**
**<u>A) പൗലോസിനെയും കൂട്ടരെയും ദേവന്മാർ എന്ന് പറഞ്ഞു ജനങ്ങൾ പൂജിക്കുവാൻ തുടങ്ങി</u>**
B) ശീലാസ്, തിമോത്തിയോസ് എന്നിവർ ഒപ്പമുണ്ടായിരുന്നു
C) ദർശനമുണ്ടായ പ്രകാരം മക്കദോന്യ സന്ദർശിച്ചു
D) വെളിച്ചപ്പാടത്തിയായ പെൺകുട്ടിക്ക് സൗഖ്യം ലഭിച്ചു

**16) പൗലോസ് ശ്ലീഹായുടെ മിഷനറി യാത്രയിൽ കാരാഗൃഹപ്രമാണിക്ക് മാനസാന്തരമുണ്ടായി. ഈ സംഭവത്തോട് ബന്ധപ്പെടാത്ത പ്രസ്താവന ഏത് ?**
**<u>A) ലുദിയായുടെ മാനസാന്തരം മൂലം പൗലോസ് കാരാഗൃഹത്തിൽ അടക്കപ്പെട്ടു</u>**
B) വെളിച്ചപ്പാടത്തി പെൺകുട്ടിക്ക് പൗലോസ് സൗഖ്യം നല്കിയതുമൂലം കാരാഗൃഹത്തിൽ അടക്കപ്പെട്ടു
C) കാരാഗൃഹത്തിൽ വച്ച് പൗലോസും കൂട്ടരും ദൈവത്തെ സ്തുതിച്ചു
D) കാരാഗ്രഹത്തിന്റെ വാതിൽ തനിയെ തുറന്നുകണ്ട ജയിൽ സൂക്ഷിപ്പുകാരൻ ആത്മഹത്യക്ക് ശ്രമിച്ചു

**17) പൗലോസ് ശ്ലീഹായുടെ മിഷനറി യാത്രയിൽ എഫേസൂസിൽ വച്ചുണ്ടായ സംഭവം ഏത് ?**
**<u>A) യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാർക്കു മാമ്മോദീസ നൽകി സഭയോട് ചേർത്തു</u>**
B) ഞായറാഴ്ച ആചരണം ആരംഭിച്ചു
C) തിമോത്തിയോസിനെ യാത്രയിൽ ഉൾപ്പെടുത്തി
D) അപകടത്തിൽ മരണമടഞ്ഞ ആളെ ജീവിപ്പിച്ചു

**18) യെരുശലേം സുന്നഹദോസുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവനകൾ അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക**
**(i) AD 50 ൽ ആണ് സുന്നഹദോസ് നടന്നത്**
**(ii) AD 54 ൽ ആണ് സുന്നഹദോസ് നടന്നത്**
**(iii) വിജാതീയരെ സഭയിൽ ചേർക്കുമ്പോൾ അനുകരിക്കേണ്ട രീതികളെക്കുറിച്ചു ചർച്ച ചെയ്യാനാണ് സുന്നഹദോസ് കൂടിയത്**
**(iv) വിജാതീയർ സഭയിൽ ചേരുമ്പോൾ പരിച്ഛേദന ഏൽക്കണം എന്ന് സുന്നഹദോസ് തീരുമാനിച്ചു**
**(v) വിജാതീയർ സഭയിൽ ചേരുമ്പോൾ യെഹൂദാ അനുഷ്ഠാനങ്ങൾ പാലിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു**
**(vi) യാക്കോബ് ശ്ലീഹ അധ്യക്ഷത വഹിച്ചു**
**<u>A) (i), (iii), (v), (vi)</u>**
B) (ii), (iii), (iv), (vi)
C) (ii), (iii), (iv), (v)
D) (iii), (iv), (v) (vi)

**19) സന്ധ്യ നമസ്ക്കാരത്തിലെ ലുത്തീനിയായിൽ ഉൾപ്പെടാത്ത ഭാഗം തെരഞ്ഞെടുക്കുക**
**<u>A) യെഹോവ കേൾക്കേണമേ, എന്നോട് കരുണയുണ്ടാകണമേ ...</u>**
B) സകല ശത്രുക്കളിൽ നിന്നും വഞ്ചകരും ചതിയന്മാരുമായ ...
C) തീ നരകത്തിൽ നിന്നും അതിവേദനകളിൽ നിന്നും
D) കർത്താവെ ഞങ്ങളെ അനുഗ്രഹിച്ചു കാക്കുകയും തിരുമുഖം ...

**20) ഇടവിടാതെ പ്രാർത്ഥിപ്പിൻ ' എന്ന് പൗലോസ് ശ്ലീഹ നമ്മെ ഓർമ്മിപ്പിക്കുന്നത് ഏത് ലേഖനത്തിൽ ആണ്**
**<u>A) തെസ്സലോനിക്യർ</u>**
B) കൊരിന്ത്യർ
C) റോമർ

D) ഗലാത്യർ

**21) തന്നിരിക്കുന്ന ലുത്തീനിയായിലെ വിട്ടുപോയ ഭാഗം, ശരിയായ വാക്ക് തെരെഞ്ഞെടുത്തു പൂരിപ്പിക്കുക**
**അറിവോടോ അറിവ് കൂടാതെയോ , മനസോടോ മനസ്സു കൂടാതെയോ ................ ................. ...................... വന്നു കൂടാവുന്ന വീഴ്ചകളിൽ നിന്നും കാത്തുകൊള്ളുകയും**
**A) വിചാരത്താലും വചനത്താലും പ്രവൃത്തിയാലും**
B) ശത്രുക്കളിൽ നിന്നും , ചിന്തകളിൽ നിന്നും , അപകടങ്ങളിൽ നിന്നും
C) ദുഷ്പ്രവർത്തങ്ങളിൽ നിന്നും, സംസാരങ്ങളിൽ നിന്നും പ്രവർത്തിയിൽ നിന്നും
D) വിചാരത്താലും പ്രവൃത്തിയാലും ശത്രുക്കളാലും

**22) പൗരസ്ത്യ ആദ്ധ്യാത്മിക പാരമ്പര്യത്തിലെ 'ദൈവീകരണം' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്ത് ?**
**A) ദൈവസാദൃശ്യത്തിലേക്ക് എത്തിച്ചേരുക**
B) വ്യക്തിപരമായ ആവശ്യങ്ങളെ ഒഴിവാക്കുക
C) പരിശുദ്ധന്മാരുടെ കൂട്ടായ്മയിൽ ശരണപ്പെടുക
D) ജീവിതവിശുദ്ധി കാത്തുസൂക്ഷിക്കുക

**23) ഓർത്തഡോക്സ് സഭ ഏഴു യാമങ്ങളിൽ പ്രാർത്ഥന നിർബന്ധമാക്കിയിരിക്കുന്നതിന്റെ കാരണം**
**A) കർത്താവിന്റെ കഷ്ടാനുഭവത്തെ ധ്യാനിക്കുവാൻ**
B) ദിവസത്തിന്റെ കൂടുതൽ സമയം പ്രാർത്ഥനയിൽ ആയിരിക്കുവാൻ
C) യെഹൂദന്മാരുടെ രീതി പിന്തുടരുവാൻ
D) തന്നിരിക്കുന്ന ഉത്തരങ്ങൾ ഒന്നും ശരിയല്ല

**24) പ്രാർത്ഥനകൾക്ക് ഓരോ യാമങ്ങൾ എന്ന് പറയുന്നു. എത്ര മണിക്കൂർ കഴിയുമ്പോളാണ് ഓരോ യാമങ്ങൾ ?**
**A) മൂന്ന് മണിക്കൂർ**
B) രണ്ടര മണിക്കൂർ
C) മൂന്നര മണിക്കൂർ
D) നാല് മണിക്കൂർ

**25) കൃംതാ നമസ്കാരം ഉപയോഗിച്ച് തുടങ്ങുന്നത് എന്ന് മുതലാണ് ?**
**A) ഉയിർപ്പു പെരുനാൾ മുതൽ**
B) യെൽദൊ പെരുനാൾ മുതൽ
C) സ്ലീബാ പെരുനാൾ മുതൽ
D) ഓശാന ഞായറാഴ്ച മുതൽ

**26) അലസത കാണിക്കാതെ ക്രിസ്ത്യാനി ഇപ്പോഴും ജാഗരൂകനായിരിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്ന ആരാധനാഗീതം**
**A) രാജ്യത്തിൻ വാതിൽ ....**
B) അത്ഭുതമാം ഫലമേകും വൃക്ഷം ...
C) നിൻ ജനനി മറിയം ...
D) മിശിഹായുടെ റൂശ്മ ...

**27) ദൈവം ആദാമിനെയും മക്കളെയും ഉയർപ്പിച്ചത് കണ്ടപ്പോൾ മാലാഖമാർ എന്ത് ചെയ്തു എന്നാണ് 'ദൈവമുയർത്തു മഹത്വ ...' എന്ന ഗീതത്തിൽ പാടുന്നത് ?**
**A) ഉടയവനെ സ്തുതിച്ചു**
B) ഭയത്തോടെ നിന്നു
C) ഭൂമിയിൽ പ്രകാശം പരത്തി

D) ആശ്ചര്യപ്പെട്ടു നിന്നു

**28) വിശുദ്ധ യോഹന്നാൻ 20 : 15 -18 നെ അടിസ്ഥാനമാക്കിയുള്ള ഗീതം**
**A) <u>ദൈവത്തിൻപുത്രനെ മറിയാം ...</u>**
B) ദൈവമുയർത്തു മരിച്ചവരിന്നിന്നെഴുന്നേറ്റൊം ...
C) വീഞ്ഞിന് ലഹരിയൊഴിഞ്ഞവനെപ്പോൽ ...
D) പാതാളം പുക്കിടയൻ വിഗ്രഹ സേവ വിടുർത്തി ..

**29) 1054 ൽ ആഗോള സഭയിൽ സംഭവിച്ചത് സംബന്ധിച്ച ശരിയായ പ്രസ്താവന തെരഞ്ഞെടുക്കുക**
**A) <u>സഭ പാശ്ചാത്യം - പൗരസ്ത്യം എന്നിങ്ങനെ രണ്ടായി പിരിഞ്ഞു</u>**
B) റോമിലെ പാപ്പായും കുസ്തന്തിനോപോലീസിലെ പാത്രിയർക്കീസും രമ്യതയിലായി
C) സഭൈക്യ പ്രവർത്തനങ്ങൾ ശക്തി പ്രാപിച്ചു
D) പൗരസ്ത്യ സഭ പരിശുദ്ധാത്മാവിന്റെ പുറപ്പാടിന് പ്രാധാന്യം നൽകിത്തുടങ്ങി

**30) കുരിശു യുദ്ധങ്ങൾ ആരംഭിച്ചതിന്റെ പ്രധാന കാരണം**
**A) <u>യെരുശലേം നഗരം മുസ്ലിങ്ങളിൽ നിന്നും വീണ്ടെടുക്കുവാൻ</u>**
B) കുരിശടയാളം ഉപയോഗിച്ച് യുദ്ധം ചെയ്യുവാൻ
C) രാജ്യത്തുണ്ടായ ക്ഷാമത്തെ അതിജീവിക്കുവാൻ
D) സുവിശേഷം പ്രചരിപ്പിക്കുവാൻ

**31) വില്യാർവട്ടം രാജവംശത്തെ സംബന്ധിച്ച് ശരിയല്ലാത്ത പ്രസ്താവന തെരഞ്ഞെടുക്കുക**
**A) <u>കൊച്ചിയിൽ ആയിരുന്നു ആസ്ഥാനം</u>**
B) ഉദയം പേരൂരിലെ പള്ളി ഇവർ പണികഴിപ്പിച്ചതാണെന്ന് പറയപ്പെടുന്നു
C) 1911 ലെ കൊച്ചി സെൻസസ് റിപ്പോർട്ടിൽ ഇതേക്കുറിച്ചു പരാമർശമുണ്ട്
D) തോമ്മാ രാജാക്കന്മാർ എന്ന് അറിയപ്പെട്ടിരുന്നു

**32) മലങ്കരസഭയെ കുറച്ചുകാലത്തേക്ക് പോർട്ടുഗീസ് അധീനതയിൽ കൊണ്ടുവന്ന സംഭവം**
**A) <u>ഉദയം പേരൂർ സുന്നഹദോസ്</u>**
B) ആർച്ച് ബിഷപ്പ് മെനെസിസിന്റെ ആഗമനം
C) കൊച്ചി പഞ്ചായത്ത്
D) മുളന്തുരുത്തി സുന്നഹദോസ്

**33) മലങ്കരയിലെ ആദ്യ സ്വാതന്ത്ര്യ സമരമായ കൂനൻ കുരിശു സത്യം നടന്ന സ്ഥലം**
**A) <u>മട്ടാഞ്ചേരി പള്ളി</u>**
B) ദേവലോകം
C) നിരണം പള്ളി
D) മാവേലിക്കര

**34) അഞ്ചാം തുബ്ദേനിൽ പിതാക്കന്മാരെ സ്മരിക്കുന്നതിന് കാരണം**
**A) <u>എല്ലാ ഉത്തരങ്ങളും ശരിയാണ്</u>**
B) ശ്ലൈഹീകവും കുറ്റമില്ലാത്തതുമായ ഏക വിശ്വാസത്തെ പാലിച്ചു നമ്മെ ഭരമേല്പിച്ചു
C) ശുദ്ധിമാന്മാരുടെ സ്ഥലത്തു ശുദ്ധതയോടെ ജീവിച്ചു നിദ്ര പ്രാപിച്ചു വിശ്രമിക്കുന്നു
D) ഇവരുടെ മധ്യസ്ഥത നമുക്ക് കോട്ടയാകണം

**35) യെരുശലേമിലെ തൂണുകൾ എന്നറിയപ്പെട്ടിരുന്ന പിതാക്കന്മാർ**
**A) <u>വിശുദ്ധ യാക്കോബ്, വിശുദ്ധ പത്രോസ്, വിശുദ്ധ യോഹന്നാൻ</u>**
B) വിശുദ്ധ പൗലോസ്, വിശുദ്ധ തോമസ്, വിശുദ്ധ യാക്കോബ്
C) വിശുദ്ധ പൗലോസ്, വിശുദ്ധ അന്ത്രയോസ്, വിശുദ്ധ യോഹന്നാൻ

D) വിശുദ്ധ തോമസ്, വിശുദ്ധ യാക്കോബ്, വിശുദ്ധ പത്രോസ്

**36) 'തീക്കടുത്തവൻ' എന്നറിയപ്പെട്ടിരുന്ന പിതാവ് ?**
**A) ഇഗ്നാത്തിയോസ് നൂറോനോ**
B) നിസ്സയിലെ വിശുദ്ധ ഗ്രീഗോറിയോസ്
C) സ്വർണ നാവുകാരൻ മാർ ഇവാനിയോസ്
D) റോമിലെ മാർ ക്ലിമ്മീസ്

**37) 'സകല മാനുഷിക ബുദ്ധിക്കും വിചാരങ്ങൾക്കും ബോധങ്ങൾക്കും മറഞ്ഞു അതീതനായി സ്ഥിതിചെയ്യുന്ന അദൃശ്യനായ കർത്താവിനു സ്തുതി ' എന്ന പ്രാർത്ഥന ഏതു പ്രത്യേക ദിവസത്തിലാണ് ഉപയോഗിക്കുന്നത്**
**A) പെന്തിക്കോസ്തി**
B) യെൽദൊ
C) ദനഹാ
D) മായൽത്തോ

**38) വിശ്വാസപ്രമാണത്തിൽ യേശുക്രിസ്തുവിനെക്കുറിച്ചു പറയുന്ന കാര്യങ്ങൾ തെരഞ്ഞെടുക്കുക**
**A) എല്ലാം ശരിയാണ്**
B) ദൈവത്തിന്റെ ഏക ജാതനാണ്
C) സകലത്തിന്റെയും സൃഷ്ടാവാണ്
D) ലോകാന്ത്യത്തിൽ വീണ്ടും വരും

**39) വിശ്വാസപ്രമാണത്തിൽ സഭയ്ക്ക് ഉപയോഗിക്കുന്ന വിശേഷണങ്ങളിൽ ഉൾപെടാത്തത് ?**
**A) സർവശക്തിയുള്ള**
B) തന്നിരിക്കുന്ന വിശേഷണങ്ങൾ എല്ലാം ശരിയാണ്
C) കാതോലികം
D) അപ്പൊസ്തോലികം

**40) അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തയോട് ബന്ധപ്പെടാത്ത പ്രസ്താവന ?**
**A) പ്രൊട്ടസ്റ്റന്റ് സഭയിൽ നിന്ന് ഓർത്തഡോക്സ് വിശ്വാസം സ്വീകരിച്ചു**
B) ബ്രഹ്മവാർ ആസ്ഥാനമാക്കി പ്രവർത്തിച്ചു
C) പഞ്ചിം ഇടവകയിൽ പ്രവർത്തിച്ചു
D) ആന്തരിക വ്യതിയാനം ഇല്ലാതെ ആചാരങ്ങൾ അനുഷ്ഠിക്കുന്നതിനോട് വിയോജിച്ചു

**41) തന്നിരിക്കുന്നവയിൽ സാമൂഹ്യപരിഷ്കർത്താവ് എന്ന നിലയിൽ പ്രവർത്തിച്ചിട്ടുള്ള സഭ പിതാവ്**
**A) പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപോലിത്ത**
B) പൗലോസ് മാർ ഗ്രിഗോറിയോസ്
C) തോമസ് മാർ തിമോത്തിയോസ് മെത്രാപോലിത്ത
D) ഉത്തരങ്ങൾ ഒന്നും ശരിയല്ല

**42) മലങ്കരസഭയിൽ സഭാരത്നം പദവി ലഭിച്ച വ്യക്തി**
**A) ഡോ ഗീവർഗീസ് മാർ ഒസ്താത്തിയോസ്**
B) ഫാ.ഡോ ടി ജെ ജോഷ്വ
C) ഡോ പൗലോസ് മാർ ഗ്രീഗോറിയോസ്
D) മാമ്മൻ മാപ്പിള

**43) പുതുപ്പാടി ബാലഭവൻ ആരംഭിച്ച വ്യക്തി ?**
**A) ഡോ ഗീവർഗീസ് മാർ ഒസ്താത്തിയോസ്**

B) പത്രോസ്  മാർ ഒസ്താത്തിയോസ്
C) മാത്യൂസ് മാർ ബർണബാസ്
D) സ്തെഫനോസ് മാർ തേവോദോസിയോസ്

**44) രാവിലെയും ഉച്ചയ്ക്കും വൈകിട്ടും പ്രാർത്ഥിക്കുന്നതിനെ സൂചിപ്പിക്കുന്ന സങ്കീർത്തന ഭാഗം**
**A) സങ്കീർത്തനം 55 : 17**
B) സങ്കീർത്തനം 119: 147
C) സങ്കീർത്തനം 33: 10
D) സങ്കീർത്തനം 118: 20

**45) സ്ലീബാ നമസ്കാരത്തിലെ പ്രധാന ധ്യാനവിഷയം**
**A) ദൈവമാതാവ്**
B) കർത്താവിന്റെ ഉയിർപ്പു
C) കർത്താവിന്റെ കഷ്ടാനുഭവം
D) വിശുദ്ധ തോമാ ശ്ലീഹാ

**46) ദൈവസൃഷ്ടിയായ ആകാശവും ഭൂമിയും ദൈവത്തെ നമസ്കരിക്കുന്നു എന്ന അർത്ഥം വരുന്ന ഗീതം**
**A) ഋജുമതികൾക്കിരുളിൽ ....**
B) അത്ഭുതമാം ഫലമേകും ...
C) രാജ്യത്തിന് വാതിൽ ...
D) കന്യാമേഘം ...

**47) വിശുദ്ധ കന്യകാമറിയാമിന്റെ കന്യകാത്വത്തെ നിഷേധിക്കുന്നവരുടെ വാദങ്ങൾക്ക് എതിരായുള്ള ഗീതം**
**A) അത്ഭുതമാം ഫലമേകും വൃക്ഷം**
B) മറിയാമിൻ സ്മരണം വര ...
C) കന്യകാമറിയാമേ ശ്ലോമോ ...
D) ധന്യേ മാതാവേ നിന്നോ ...

**48) തന്നിരിക്കുന്നവയിൽ മനുഷ്യന് ദൈവസൃഷ്ടിയിൽ പങ്കു ചേരാൻ സാധിക്കുന്ന സാഹചര്യം**
**A) സസ്യങ്ങളും വിത്തുകളും ഭൂമിയിൽ കൃഷി ചെയ്ത് ഉൽപ്പാദിപ്പിക്കുന്നതിൽ കൂടി**
B) ശുദ്ധമായ ഭക്ഷണം കഴിക്കുന്നതുവഴി
C) കൃഷിക്കാരായ പൂർവികരെ ബഹുമാനിക്കുന്നതുവഴി
D) തന്നിരിക്കുന്ന ഉത്തരങ്ങൾ ഒന്നും ശരിയല്ല

**49) ആത്മീയ അടിസ്ഥാനത്തിൽ കുടുംബത്തിലെ അന്തരീക്ഷം സന്തോഷമാകാൻ ചെയ്യാവുന്ന കാര്യം**
**A) ഒന്നിച്ചിരുന്നു സംസാരിക്കുക, ഒന്നിച്ചു പ്രാർത്ഥിക്കുക ഒന്നിച്ചു ഭക്ഷണം കഴിക്കുക**
B) ഒന്നിച്ചിരുന്നു സംസാരിക്കുക, കുട്ടികൾക്ക് പൂർണമായ മാധ്യമ സ്വാതന്ത്ര്യം കൊടുക്കുക
C) എല്ലാവരുടെയും ഇഷ്ടങ്ങൾ സാധിക്കുന്നു എന്ന് ഉറപ്പു വരുത്തുക , ഒന്നിച്ചു ഭക്ഷണം കഴിക്കുക
D) ഒന്നിച്ചു പ്രാർത്ഥിക്കുക, വിനോദങ്ങൾക്ക് പൂർണ സ്വാതന്ത്ര്യം കൊടുക്കുക

**50) കൗമാര പ്രായത്തിൽ ശ്രദ്ധിക്കേണ്ട പ്രധാന കാര്യം**
**A) തന്നിരിക്കുന്ന എല്ലാ ഉത്തരവും ശരിയാണ്**
B) നല്ല ഭക്ഷണ ശീലങ്ങൾ ഉണ്ടാകണം

C) മറ്റുള്ളവരുടെ ഇഷ്ടങ്ങൾക്കും പ്രാധാന്യം നൽകണം
D) മറ്റുള്ളവരുമായി ആരോഗ്യകരമായ ബന്ധങ്ങൾ ഉണ്ടാകണം